ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ബി.എച്ച്.ഇ.എൽ.മായി ബന്ധപ്പെട്ടപ്പോൾ വൈദ്യുതി ഉല്പാദനത്തിനും അതിനോടനുബന്ധമായുള്ള യന്ത്ര സാമഗ്രികളുടെയും ഉദ്ദേശവില 5175 രൂപ/കിലോവാട്ട് (നികുതികൾക്കും, സ്പെയേർസിനും പുറമേ) ആകുമെന്ന് അറിയിക്കുകയുണ്ടായി. ഇത് എക്സ് വർക്സ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏകദേശ എസ്റ്റിമേറ്റ് വിലമാത്രമാണെന്നുള്ള സൂചന പ്രസ്തുത കത്തിലുണ്ട്.

(ബി) ജനറേറ്ററുകളുടെ വില മാത്രമായി എടുത്തു പറഞ്ഞിട്ടില്ല.

(സി)&(ഡി) പ്രോജക്ട് റിപ്പോർട്ട് പ്രകാരം ടർബൈൻ, ജനറേറ്റർ വാൽവ് മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് തിട്ടപ്പെടുത്തിയിരിക്കുന്നത് 85.78 കോടി രൂപയാണ്.

(ഇ) പ്രസ്തുത കമ്പനിയെ ഒഴിവാക്കാനായി യാതൊരു നടപടിയും എടുത്തിട്ടില്ല. മാത്രമല്ല ബി.എച്ച്.ഇ.എൽ-ഉം എൽ.ആന്റ് ടി. യും ചേർന്ന് പ്രീകാളിഫിക്കേഷൻ ടെണ്ടർ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനിയും പ്രീകാളിഫൈ ചെയ്തവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

103 (3286) കണ്ണൂർ-കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ആരെല്ലാമായി ധാരണാപത്രങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡ് ഒപ്പിട്ടുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ആർക്കെല്ലാം ഫ്യുവൽലിങ്കേജ് അനുവദിക്കാൻ വൈദ്യുതി ബോർഡോ സംസ്ഥാന ഗവൺമെന്റോ ശുപാർശ ചെയ്തുവെന്നും ആർക്കെല്ലാം ഫ്യുവൽ ലിങ്കേജ് അനുവദിച്ചുകിട്ടിയെന്നും വെളിപ്പെടുത്തുമോ;

(സി) ഫ്യുവൽ ലിങ്കേജ് ലഭിച്ച പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏതെങ്കിലും വിദേശകമ്പനികളുമായി സാങ്കേതിക-സാമ്പത്തിക സഹകരണത്തിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഇ) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരുമായും ഒപ്പിട്ടിട്ടില്ല.

(ബി)-(ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly